പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 217     17-08-2017 ൽ മറുപടിക്ക്

പഠനമുറി പദ്ധതി

| | ചോദ്യം<br>ശ്രീ.കെ.എം.ഷാജി<br>,, ടി. വി. ഇബ്രാഹിം<br>,, മഞ്ഞളാംകുഴി അലി<br>ഡോ.എം. കെ. മുനീർ | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിലുള്ള കുട്ടികളുടെ പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പഠനമുറി എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ നിലവിലത്തെ സ്ഥിതി എന്താണ് എന്ന് വെളിപ്പെടുത്തുമോ; | (എ)<br>&<br>(ബി) | ഹൈസ്കൂൾതലം മുതൽ പി.എച്ച്.ഡി. വരെ പഠിക്കുന്ന നിലവിൽ വാസയോഗ്യമായ വീടുള്ള ഒരുലക്ഷം രൂപ വരെ കുടുംബ വാർഷികവരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് രണ്ട് ലക്ഷം രൂപ നിരക്കിൽ പഠനമുറി നിർമ്മിക്കുന്ന ഒരു പുതിയ പദ്ധതി സർക്കാർ നടപ്പിലാക്കുന്നതാണ്.<br><br>ആദ്യവർഷം സർക്കാർ/എയ്ഡഡ്/ടെക്നിക്കൽ/ഹൈസ്കൂൾ തലത്തിലുള്ള അയ്യായിരം (5000) പട്ടികജാതി വിദ്യാർത്ഥികൾക്ക് നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. |
| (ബി) | പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ